പിന്നോക്കസമുദായ എൻകപയറി കമ്മിറ്റി

*ഇവ. (൪൪) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പിന്നോക്കസമുദായ എൻകപയറി കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റിയെ ഗവണ്മെൻറിൽനിന്നും നിയമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ആ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാം;

(ബി) ഇതിൽ കൊച്ചി ഡിവിഷനിൽ പെട്ടവർ എത്രയെന്നും ആരെല്ലാമെന്നും പറയുമോ?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) പിന്നോക്കഡമുദായോദ്ധാരണ ഡിപ്പാർട്ടുമെൻറിൽനിന്നും സഹായധനം നൽകിവരുന്ന പിന്നോക്കസമുദായങ്ങളുടെ വകയായ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനത്തെപ്പറ്റി അന്വേഷിച്ചു റിപ്പോർട്ട് സമർപ്പിക്കാനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. അതിലെ അംഗങ്ങൾ താഴെ പറയുന്നവരാകുന്നു:—

ക. ശ്രീ. ഈ. ഭാസ്കരൻ — എം. എൽ. എ.
ഖ. ശ്രീ. എൻ. എസ്സ്. കൊച്ചുകുഞ്ഞ് — ,,
ഗ. ശ്രീ. കെ. കുട്ടപ്പൻ — ,,
ഘ. ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി — ,,
ങ. ശ്രീ. ആർ. അച്യുതൻ — ,,

(ബി) ഇതിൽ കൊച്ചി ഡിവിഷനിൽ പെട്ടവർ ആരുമില്ല.

ഗിരിവർഗ്ഗക്കാർ

*ഇൻ. (൪൫) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ കൊച്ചിയിൽ ഗിരിവർഗ്ഗക്കാരിൽ എത്തെല്ലാം സമുദായക്കാരെ ഉൾപ്പെടുത്തിയിട്ടുണ്ട്;

(ബി) അവരുടെ ഉദ്ധാരണത്തിനായി ഡിപ്പാർട്ടുമെൻറിൽനിന്നും എന്തെങ്കിലും സഹായം ചെയ്യുന്നുണ്ടോ? ഉണ്ടെങ്കിൽ എന്തെല്ലാം?

എക്സൈസും വ്യവസായവും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഗിരിവർഗ്ഗക്കാരുടെ പട്ടികയിൽപ്പെട്ട സമുദായങ്ങളുടെ ലിസ്റ്റ് മേശപ്പുറത്തു വച്ചിരിക്കുന്നു.

(ബി) ഉണ്ട്. ഗിരിവർഗ്ഗക്കാരുടെ ഉദ്ധാരണത്തിനായി ഗവണ്മെൻറിൽനിന്നും ചെയ്യുന്ന പ്രവർത്തനങ്ങളുടെ പട്ടിക മേശപ്പുറത്തുവച്ചിരിക്കുന്നു.

The following items constitute the main activities of the department towards ameliorative measures for which the scheduled castes and the Hill tribes are eligible.—

i. Assignment of land
ii. Establishment of colonies, settlements and house sites.
iii. Construction of common buildings. *e. g.* Bhajana mutts, prayer halls, library and reading rooms etc.
iv. Sinking of wells.
v. Provision of burial grounds.

LIBRARY ARCHIVES Kerala Legislative Assembly

vi. Construction of pathways.
vii. Rendering assistance in securing employment in public service.
viii. Starting of pial schools.
ix. Organisation of reading rooms and night schools.
x. Maintenance of free hostels.
xi. Grants to institutions and organisations of Backward Communities.
xii. Provision for sweeping street-lighting and latrines where these communities live in compact areas and cheries.
xiii. Provision of facilities for vocational and technical training.
xiv. Organisation of Co-operative societies.
xv. Collective farming and rural reconstruction.
xvi. Educational assistance.
xvii. Other miscellaneous ameliorative measures.

List II—Hill Tribes

1. Kanikkaran
2. Palliyars
3. Malai Arayans
4. Malayarayans
5. Malayan
6. Vishavan
7. Uraly
8. Palleyans
9. Mannans
10. Malai Pandarans
11. Kochu Velans
12. Ulladans
13. Muthuvans
14. Hill Pulayas
15. Nayadis
16. Vedan
17. Valluvan
18. Kadar

NEW RAILWAY LINE

*60 [48] **Sri. E. P. Poulose :** Will the Hon'ble Minister for Public Works Communications and Agricutlure be pleased to state.—

(*a*) whether this Government have made any suggestion to the Goverment of India regarding the route of the proposed railway line to link up Alwaye and Quilon ;

(*b*) whether the Government are aware of the importance of choosing a line in close proximity to the Main Central Road to serve the transport needs of all the people ; and

(*c*) whether this Government will put this before the Government of India before the survey is begun ?

Minister for Public Works, Communication and Agriculture **(Sri. E. John Philipose) :**

(*a*), (*b*) and (*c*) Government requested the Government of India to take up the survey of a railway line connecting Quilon with Ernakulam and the Government of India have sanctioned the survey. The survey work has just commenced. It is to be expected that all relevant factors will be considered during the survey.

പഞ്ചായത്ത് ആക്ട്

*൩൫. (൫൨) സാഹിബ് ബഹദൂർ എ. കെ. കുഞ്ഞുമൊയ്തീൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പഞ്ചായത്ത് ആക്ട് എപ്പോൾ നടപ്പിൽ വരുത്തും;

(ബി) പഞ്ചായത്തുകൾ ഇല്ലാത്ത വില്ലേജു (പ്രകൃതി) കളിൽ അവ രൂപീകരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ടോ;

(സി) ഇപ്പോൾ എത്ര വില്ലേജുകളിൽ പഞ്ചായത്തുകൾ ഇല്ലെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly